പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 72

28.06.2016 ൽ
മറുപടിക്ക്

**എഴുകോൺ പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) | |
| എ) | കൊല്ലം റൂറൽ പോലീസ് അതിർത്തിയിൽ വരുന്ന എഴുകോൺ പോലീസ് സ്റ്റേഷന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ആഭ്യന്തര വകുപ്പിന് ഭൂമി ലഭ്യമായത് എന്നാണെന്ന് വ്യക്തമാക്കാമോ ; | എ) | റവന്യൂ വകുപ്പിന്റെ കീഴിലുള്ള 40.51 ആർ ഭൂമി എഴുകോൺ പോലീസ് സ്റ്റേഷൻ നിർമ്മിക്കുന്നതിനായി 4.6.2014 ലെ സർക്കാർ ഉത്തരവ് ജി.ഒ(എം.എസ്) 238/2014/റവന്യൂ പ്രകാരമാണ് ഉപയോഗാനുമതി ലഭിച്ചത്. |
| ബി) | കെട്ടിട നിർമ്മാണത്തിന് ആവശ്യമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിരുന്നോ ; എങ്കിൽ അടങ്കൽ തുക എത്രയാണെന്ന് വെളിപ്പെടുത്താമോ ; | ബി) | തയ്യാറാക്കിയിട്ടുണ്ട്. 49 ലക്ഷം രൂപ. |
| സി) | കെട്ടിട നിർമ്മാണത്തിന് ആവശ്യമായ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഫണ്ട് അനുവദിക്കുന്നതിനും നിർമ്മാണം ആരംഭിക്കുന്നതിനുമായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ ? | സി) | കെട്ടിട നിർമ്മാണത്തിനായി 49 ലക്ഷം രൂപ എം.ഒ.പി.എഫ് 2014-15 (പ്ലാൻ - സെൻട്രൽ ഷെയർ) ൽ ഉൾപ്പെടുത്തി അനുവദിച്ചിരുന്നു. എന്നാൽ തുക കൃത്യസമയത്ത് ലഭിക്കാത്തതിനാൽ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചില്ല. ഈ സാമ്പത്തിക വർഷം ടി തുക ലഭിക്കുന്നതിനുള്ള നടപടികൾ വകുപ്പുതലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ